# കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5617 — 02.07.2014 ൽ മറുപടിക്ക്

### റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് അനുവദിച്ചിട്ടുള്ള തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

(എ) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിക്ക് അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെ ; ഒഴിഞ്ഞു കിടക്കുന്ന തസ്തികൾ ഏതൊക്കെ ;

(എ) റാന്നി താലൂക്ക് ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ചുവടെ ചേർക്കുന്നു .

| | | |
|---|---|---|
| 1 | സൂപ്രണ്ട് | -1 |
| 2 | കൺസൾട്ടന്റ് | -3 |
| 3 | ജൂനിയർ കൺസൾട്ടന്റ് | -7 |
| 4 | സ്റ്റാഫ് നഴ്സ് | -11 |
| 5 | ഹെഡ് നഴ്സ് | -1 |
| 6 | ഫാർമസിസ്റ്റ് | -1 |
| 7 | റേഡിയോഗ്രാഫർ | -1 |
| 8 | ലാബ് ടെക്നീഷ്യൻ | -1 |
| 9 | ക്ലാർക്ക് | -2 |
| 10 | ടൈപ്പിസ്റ്റ് | -1 |
| 11 | ഡ്രൈവർ | -1 |
| 12 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് -1 | -1 |
| 13 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-2 | -5 |
| 14 | നഴ്സിംഗ് അസിസ്റ്റന്റ് | -4 |
| 15 | പാർട്ട് ടൈം സ്വീപ്പർ | -1 |
| 16 | ഡെന്റൽ മെക്കാനിക്ക് | -1 |
| 17 | ഓഫീസ് അറ്റൻഡന്റ് | -1 |
| 18 | ലേ സെക്രട്ടറി & ട്രഷറർ | -1 |
| 19 | ഒപ്ടോമെട്രിസ്റ്റ് | -1 |
| 20 | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | -1 |

ടി ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ജൂനിയർ കൺസൾട്ടന്റ് | -3(സർജറി, ഓർത്തോ, മെഡിസിൻ) |
| 2 | സ്റ്റാഫ് നഴ്സ് | -1 |
| 3 | റേഡിയോഗ്രാഫർ | -1 |
| 4 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-2 | -1 |

| | | | |
|---|---|---|---|
| (ബി) | ഇവിടേക്ക് പോസ്റ്റ് ചെയ്തിട്ടുള്ള ഡോക്ടർമാർ അവധി എടുക്കുകയോ വർക്കിംഗ് അറേഞ്ച്മെന്റ് വഴി മറ്റ് ആശുപത്രികളിൽ പ്രവർത്തിക്കുകയോ ചെയ്യുന്നതു വഴി റാന്നി താലൂക്കാശുപത്രിയുടെ പ്രവർത്തനം തടസ്സപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | റാന്നി താലൂക്കാശുപത്രിയിലെ ഡോക്ടർമാർ ആരും തന്നെ നിലവിൽ അവധിയിൽ പ്രവേശിച്ചിട്ടില്ല. എന്നാൽ ഗൈനക്കോളജി വിഭാഗത്തിലെ ഡോക്ടർ മറ്റൊരു ആശുപത്രിയിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിനാൽ ഗൈനക്കോളജി വിഭാഗത്തിന്റെ പ്രവർത്തനം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സർജറി വിഭാഗത്തിൽ ഡോക്ടർമാരുടെ അഭാവംമൂലം ഓപ്പറേഷൻ തിയേറ്ററുകൾ കഴിഞ്ഞ 1 വർഷമായി പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ; | (സി) | സർജറി വിഭാഗത്തിൽ ഡോക്ടറുടെ സേവനം ലഭ്യമല്ലാത്തതിനാൽ തിയേറ്റർ പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഡോക്ടർ ഒഴികെയുള്ള ജീവനക്കാരുടെ അഭാവംമൂലം താലൂക്കാശുപത്രിയുടെ പ്രവർത്തനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഡോക്ടർ ഒഴികെയുള്ള ജീവനക്കാരുടെ ഒഴിവുകൾ റാന്നി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പ്രവർത്തനം ഇതേവരെ ആരംഭിക്കാത്ത കോന്നി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡോക്ടർമാരടക്കം അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ പട്ടിക ലഭ്യമാക്കാമോ ; | (ഇ) | ഇക്കാര്യം സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിലില്ല. |

(എഫ്) ശബരിമല സ്ഥിതിചെയ്യുന്ന പ്രദേശത്തെ താലൂക്കാശുപത്രിയായ റാന്നി താലൂക്കാശുപത്രിയിൽ അനുവദിച്ചിട്ടുള്ള മുഴുവൻ തസ്തികകളിലും ഡോക്ടർ മാരടക്കമുള്ള ജീവനക്കാരെ നിയമിക്കുന്നതിനും താലൂക്കാശുപത്രി നിലവാരത്തിൽ ജീവനക്കാരുടെ തസ്തിക റാന്നി താലൂക്കാശുപത്രിയിൽ അനുവദിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്?

(എഫ്) റാന്നി താലൂക്കാശുപത്രിയിലേതടക്കം നിലവിലുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനായി നിലവിൽ ഈ വകുപ്പിൽ ജോലി ചെയ്യുന്ന പി.ജി. ബിരുദമുള്ള അസിസ്റ്റന്റ് സർജൻമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം നടത്തുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഒഴിവുള്ള മറ്റു തസ്തികകൾ പി.എസ്.സി/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനത്തിലൂടെ നികത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ റാന്നി താലൂക്കാശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുകയാണ്.

സെക്ഷൻ ഓഫീസർ